കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ ക്യാൻസർ രോഗബാധിതർക്കുള്ള പെൻഷൻ - മെഡിക്കൽ സർട്ടിഫിക്കറ്റ് (ഫോറം നം. 10) സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം - സർക്കാർ മെഡിക്കൽ ഓഫീസർമാർക്കുകൂടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ. ഉ.(സാധാ) നം.2560/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 19/11/2021

---

പരാമർശം : 1) സ. ഉ (സാധാ) നം.475/2017/ആ.കു.വ തീയതി 22/02/2017
2) സ. ഉ (സാധാ) നം. 2636/2017/ആ.കു.വ തീയതി 26/09/2017

## ഉത്തരവ്

മേൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ ക്യാൻസർ രോഗബാധിതർക്ക് പെൻഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് (ഫോറം നം. 10) നൽകുന്നതിനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, സർക്കാർ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്ട്രേഡ് ഓങ്കോളജിസ്റ്റുകൾക്കും, മേൽ പരാമർശം (2)-ലെ സർക്കാർ ഉത്തരവു പ്രകാരം ടി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം മേൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ മെഡിക്കൽ ഓഫീസർമാർക്ക് പുറമെ ജില്ല/ജനറൽ ആശുപത്രികളിലെ കിമോ തെറാപ്പി (ക്യുറേറ്റീവ് & പാലിയേറ്റീവ്) /റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കുകൂടി നൽകി ഉത്തരവായിട്ടുണ്ടായിരുന്നു. നിലവിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് (ഫോറം നം. 10) ലഭിക്കുന്നതിനായി ക്യാൻസർ രോഗികൾക്ക് കൂടുതൽ ദൂരം യാത്രചെയ്യേണ്ടതായും കൂടാതെ രോഗപ്രതിരോധശേഷി കുറഞ്ഞ ഇവർ മറ്റ് രോഗികൾക്കൊപ്പം ദീർഘ സമയം ക്യൂവിൽ നിന്ന് മെഡിക്കൽ ഓഫീസർമാരെ കണ്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് (ഫോറം നം. 10) സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള അവസ്ഥയാണുള്ളതെന്നും ആയതിനാൽ പല അർഹരായ രോഗികൾക്കും പെൻഷന് അപേക്ഷിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നതായും ആയതിനാൽ പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം കൂടുതൽ ആശുപത്രികളിലെ ഡോക്ടർമാർക്ക് നൽകണമെന്നും നിരവധിപേർ നിവേദനങ്ങളിലൂടെ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ക്യാൻസർ പെൻഷനുവേണ്ടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് (ഫോറം നമ്പർ 10) സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം പരാമർശിത ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്ന മെഡിക്കൽ ഓഫീസർമാരെ കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കുകൂടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റ് (ഫോറം നമ്പർ 10) സാക്ഷ്യപ്പെടുത്തുന്നതിനുമുൻപ് അപേക്ഷകൻ ക്യാൻസർ രോഗിയാണെന്നും തുടർചികിത്സ ആവശ്യമുണ്ടെന്നും മെഡിക്കൽ രേഖകൾ പരിശോധിച്ച് മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജീവൻ എ. പി .**
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്/തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Hari

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹുമാനപ്പെട്ട ആരോഗ്യ -വനിതാ - ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ-യ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-യ്ക്ക്

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

ഡയറക്ടറേറ്റ് ഫയൽ നം: DHS/6805-10619/2022/ഡിഎച്ച്എസ് തീ: 18/02/2022

പകർപ്പ് താങ്കളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി നൽകുന്നു.

18/2/22 VO

All DMO(H)s

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.

18/2